

# ഹ്ലാദിക

സെന്റ് ജോൺസ് ഹൈസ്കൂൾ
കാഞ്ഞിരത്താനം

# മുഖമൊഴി



ഹ്ലാദിക എന്നാൽ സന്തോഷം എന്നാണർത്ഥം. ഏവരും ആയിരിക്കാൻ ഇഷ്ടപ്പെടുന്ന അവസ്ഥയാണ് സന്തോഷം. എന്നാൽ അത് അനുഭവിക്കുന്നവർ കുറയും. കല ആസ്വ-ദിക്കുന്നതും സർഗ്ഗസൃഷ്ടികൾ ആസ്വദിക്കുന്നതും സന്തോഷദായകമാണ്. സർഗ്ഗസൃഷ്ടികൾ നന്നായി പൂർത്തികരിച്ച് കഴിയുമ്പോൾ അത് നന്നായിരിക്കുന്ന് എന്ന തോന്നുമ്പോൾ സന്തോഷം ഇരട്ടിയാവിന്നു. കാഞ്ഞിരത്താനം സെന്റ് ജോൺസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ കൊച്ചു മിടുക്കന്മാരുടെയും മിടുക്കികളുടെയും സർഗ്ഗ വാസനകളും അവയുടെ ഏകീകരണവുമാണ് ' ഹ്ലാദിക ' എന്ന ഈ ഡിജിറ്റൽ മാഗസിൻ. കഥകളായും കവിതകളായും ലേഖനങ്ങളായും ചിത്രങ്ങളായുമെല്ലാം സർഗ്ഗവാസനകളുടെ ഇതൾ വിരിഞ്ഞപ്പോൾ വിരിഞ്ഞ പുഞ്ചിരികളുടെ ഡിജിറ്റൽ സമാഹാരം സന്തോഷത്തിന്റെ പുഷ്പമായി.വരകളാലും വർണങ്ങളാലും ലിഖിതങ്ങളായും ഇതിൽ പങ്കാളികളായ എല്ലാ കുട്ടികൾക്കും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങൾക്കും അനുമോദനങ്ങൾ.

-എൻ ജെ തോമസ്
(കൈറ്റ്സ് മാസ്റ്റർ)

# ആശംസ



ജോസ് ആൻഡ്രൂസ്
(സ്കൂൾഹെഡ് മാസ്റ്റർ)

ഒരു ദേശത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയുടെ കേന്ദ്രമായി നിൽക്കുന്നത് അവിടുത്തെ വിദ്യാലയമാണ്. സ്വയം ചിന്തിക്കുന്ന ,മൂല്യബോധമുള്ള അറിവിനെ സ്നേഹിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഭാരതീയ വിദ്യാഭ്യാസ ദർശനത്തിന്റെ കാതൽ. കാഞ്ഞിരത്താനം സെന്റ് ജോൺസ് ഹൈസ്കൂൾ ഈ സത്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മികവിന്റെ വഴിയേ നീങ്ങുന്നു.

കാഞ്ഞിരത്താനം ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ കുട്ടികളുടെ നൈസർഗ്ഗികവാസനകളെ കോർത്തിണക്കിയ ' ഹ്ലാദിക ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഇവരെ പ്രോൽസാഹി-പ്പിച്ച സാഹിപ്പിച്ച കൈറ്റ് മിസ്ട്രസ് പുഷ്പ തോമസിനും കൈറ്റ് മാസ്റ്റർ എൻ. ജെ. തോമസിനും അനുമോദനങ്ങൾ..............

# ഉള്ളടക്കം

1. പുലരി..............................................6
2. ജയവും പരാജയവും...............................8
3. പുഴ.................................................9
4. ഹാരിസ് സ്കൂൾ ഫലിതങ്ങൾ......................10
5. കുട്ടിയും കുരുവിയും............................ ....11
6. ലഹരി..............................................12
7. മഴനീർത്തുള്ളി....................................13
8. മിഥ്യ...............................................14
9. നദിയുടെ ദുഃഖം...................................15
10. എന്റെ വീട്.........................................16
11. നമ്മുക്ക് വേണം പച്ചയായ ഭൂമി.................17
12. തെന്നാലിപ്പൂച്ചയും ചെന്നനെലിയും.............18
13. പ്രകൃതി സംരക്ഷണം...............................19
14. പൂവൻ കോഴി.......................................21
15. പുണ്യപ്രവർത്തി.....................................22
16. പച്ചപ്പിലേക്ക് പോവുക.............................23
17. പുഴകൾ..............................................25

18. സമാധാനത്തിന്റെ ചിറകിലേറി.................27
19. പ്രകൃതി...........................................28
20. വഞ്ചിപ്പാട്ട്.....................................29
21. ക്വിസ്..........................................30
22. പ്രകൃതിഭംഗി....................................31
23. സമയത്തിന്റെ വില............................32

# പുലരി



അരുണനുദിച്ചയർന്നിക്ഷിതി
ദ്യുതിയിൽ വിളങ്ങവേ
ശീതമിയന്ന രാവകന്നു
പാരിൽ പാരിജാത
പൂവിടർന്നു ചെമ്മെ
പ്രകൃതി തൻ ആനന്ദം
പ്രഭ ചിന്തി ചൊരിയവേ
ഇലകളിൽ പൂക്കളിൽ
ഈറൻ നിറഞ്ഞിന്ന്
പുതിയൊരു പൂവിടർന്നിവിടെ
ഏതോ മരച്ചില്ലയിൽ പാട്ടും
പക്ഷിതൻ നാദം
കേട്ടുണർന്നു ഞാൻ
പാടിത്തീരാത്തയീപ്പാട്ടിന്റെ
പാതി നീ നാളെയും പാടുകില്ലേ

പുലരിതൻ ഭംഗിയെ

ദർശിച്ചെൻ  കൺകൾ

-അനീഷ ബാബു

# ജയവും പരാജയവും

ജയിക്കാൻ പ്രയാസമാണ്.ജയിച്ചാൽ കിട്ടുന്ന സന്തോഷം വലുതുമാണ്. അതുപോലെ തോൽക്കാൻ എളുപ്പമാണ്. തോറ്റാലുള്ള സങ്കടം വലുതും. പക്ഷേ തോൽക്കാൻ ചിലർ ഉള്ളതിനാലാണ് മറ്റുചിലർക്ക് ജയിക്കാൻ കഴിയുന്നത്. അതിനാൽ നമ്മുക്ക് ചില മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്.

ജയത്തിലേക്കുള്ള ആദ്യപടി നമ്മുടെ ആത്മവിശ്വാസം വളർത്തുക എന്നതാണ്. എനിക്ക് ഒന്നിനും കഴിയില്ല എന്ന നിലപാട് മാറ്റുക. നമ്മുക്ക് ചിലത് കഴിയുമെന്നതിലാണ് നാം ജനിക്കുന്നത് തന്നെ. അതേ സമയം നമുക്ക് ജയിക്കാൻ ആവാത്തതിൽ നിരാശപ്പെടുകയുമരുത്. വീണ്ടും അടുത്ത തവണ ജയിക്കാനാകുമെന്ന വിശ്വാസത്തോടെ ജയത്തിനുവേണ്ടി പരിശ്രമിക്കുക.

തോൽക്കുന്നവരെ ഒരിക്കലും പരിഹസിക്കാതിരിക്കുക. അതുപോലെ ജയിക്കുന്നവരോട് അസൂയപ്പെടാതിരിക്കുക. അർഹതപ്പെട്ടതാണ് അവർക്ക് ലഭിച്ചത്. ജയത്തിൽ മാത്രമല്ല തോൽവിയിലും നമ്മുക്ക് സന്തോഷിക്കാൻ കഴിയണം. ഒരിക്കലെങ്കിലും തോൽക്കാതെ ആരും ഇന്നേവരെ ജയിച്ചിട്ടുമില്ല. തോൽവിയെ വിജയത്തിന്റെ മുന്നോടിയായി കണ്ട് വീണ്ടും ശ്രമിച്ചുകൊണ്ടിരിക്കുക. വിജയം നിങ്ങളെ തേടിയെത്തും.

-അലീന ജോയി.

# പുഴ



കളകള രാഗം പാടിപ്പാടി
ഒഴുകും നല്ലൊരു പുഴ
പുഴയില്ലവിടൊരു വഴിമാത്രം
പെരു വഴിമാത്രം...!

മനുഷ്യൻ പുഴയെ നശിപ്പിച്ചു
മണലും വെള്ളവും ഊറ്റിയെടുത്ത്
മനുഷ്യൻ പുഴയെ കൊലചെയ്തു
അങ്ങനെ  പുഴയോ വലിയൊരുവഴിയായി....

-ശിവപ്രസാദ് എ.എസ്

# ഹാരിസ് സ്കൂൾ ഫലിതങ്ങൾ

- ക്ലാസ് മുറിയിൽ ഹാരിസ് ടീച്ചറിനോട് : ദേ ടീച്ചർ , എന്റെ തലയിൽ ഒരു ഉറുമ്പ് കയറുന്നത് കണ്ടോ?

  ടീച്ചർ :ഇത്തരം സില്ലി കാര്യങ്ങൾ എന്തിനാ എന്നെ കാണിക്കുന്നേ?

  ഹാരിസ് :ടീച്ചറല്ലേ പറഞ്ഞത് എന്റെ തലയിൽ ഒന്നും കയറില്ലെന്ന്...!

- ടീച്ചർ :എന്റെ കൈയ്യിൽ ആറ് ആപ്പിൾ ഉണ്ടെന്ന് കരുതുക.അതെങ്ങനെ എട്ട് പേർക്ക് കൃത്യമായി വീതിച്ച നൽകും?

  ഹാരിസ് :ജ്യൂസ് അടിച്ച കൊടുത്താൽ മതി ടീച്ചർ!

-രഞ്ജുഷ റെജി

## കുട്ടിയും കുരുവിയും

എന്റെ വീട്ടിലെ പൂമരത്തിൽ
കുരുവി വന്നൊരു കൂടുകൂട്ടി
എന്തൊരു ഭംഗി കൂടതിനല്ലോ
എന്തൊരുറപ്പ് കൂടതിനല്ലോ
ഒരുനാൾ കുരുവി മുട്ടയിട്ടു

വെള്ളവെള്ളത്തൊരു കുഞ്ഞുമുട്ട
മുട്ട വിരിഞ്ഞുകുഞ്ഞുവന്നു
കുഞ്ഞു വിശന്നുകരഞ്ഞീടുന്നു
കുഞ്ഞിന് തീറ്റക്കായ് അമ്മപോയി
കുഞ്ഞിന് കാവലായ് ഞാനിരുന്നു.

-ഗായിത്രി അനിൽ

# ലഹരി



ലഹരി പെയ്യുന്ന കേരളം
കെട്ടിയ താലി പൊട്ടിച്ചെറിയുന്നവർ
ഭാര്യ വെറും കപടനാടകമവർക്ക്
ലഹരിയാൽ ജീവിതം വെടിയുന്നവർ
മനോനില തെറ്റി കഴിയുന്നവർ
കണ്ണുണ്ടായിട്ടും മദ്യത്തിൽ മുങ്ങി–
യന്ധരായി ഇരുട്ടിൽ തപ്പുന്നവർ
ദൈവത്തിൽ ദേശമല്ലിത് മദ്യ–
ലഹരിയിൽ മുങ്ങിത്താഴ്ന്ന നാട്......

–ആൻ മരിയ ജിയോ

# മിഴിനീർത്തുള്ളി



മനസിലെ ഉത്സവ കാലം
യാത്ര പറയുകയായി....
തമ്മിൽ കണ്ട നിമിഷങ്ങൾ
സന്തോഷാശ്രുക്കളും ദുഃഖത്തിന്റെ
അടങ്ങാത്ത തിരകളും
ഇളകി മറിഞ്ഞ മനസിൽ നിറയെ
നിന്റെ മുഖമായിരുന്നു,വീണ്ടും
കാർമേഘങ്ങളെത്തുകയായി.....

മടക്കയാത്ര എന്ന മഹാ സങ്കടം
ഇനി എന്നു കാണുമെന്നോ?...
ഇനി നമ്മുക്ക് മറക്കാനാവുമെന്നോ?....
ഇനി ഓർമ്മകളല്ലാതെ ബാക്കി-
യെന്താണ് ഉള്ളതെന്നോ?......
വേർപിരിയുമീ വേളയിൽ പ്രിയേ.....
നീ എന്താണ് പറയാനൊരുങ്ങിയത്?

-ജോമിന ബിജു

# മിഥ്യ

ഒരിക്കലും ഉണരാതെ
ഉറങ്ങുവാൻ കഴിഞ്ഞെങ്കിൽ
ഓർമ്മകളൊക്കെയും
മിഥ്യയായേനേ.....

ഒരിക്കലും കരയാതെ
ചിരിക്കുവാൻ കഴിഞ്ഞെങ്കിൽ
ദു.ഖങ്ങളൊക്കെയും
മിഥ്യയായേനേ....

ഒരിക്കലും സ്വപ്നങ്ങൾ
കാണാതിരുന്നെങ്കിൽ
മോഹങ്ങളൊക്കെയും
മിഥ്യയായേനേ...

ഒരിക്കലും ജനിക്കാതെ
ഉദാരത്തിൽ കഴിഞ്ഞെങ്കിൽ
മരണമെ നീയൊരു
മിഥ്യയായേനേ.....

- അലൻ ബേബി

# നദിയുടെ ദുഃഖം



ഭൂമിദേവി നിൻമേനിയിൽ
എണ്ണമറ്റ നീർചാലുകളായ്
വിരാജിക്കുന്ന ഞങ്ങൾ
നിൻ മക്കൾ തന്നെ
മാലിന്യവാഹകരായി മാറിയല്ലോ!
എന്നിട്ടും തീരാത്ത പകയുമായ്
നിന്റെ ദേഹം തുരന്ന നിൻ മക്കൾ
മണലാകും ഹൃദയത്തെ കാർന്നെടുക്കുന്നു
ഇനിയുമൊരു പുനർചിന്ത നിൻ
മക്കൾക്കുണ്ടാകുമോ? അന്നേ ഞങ്ങൾക്കീ
മൃത്യുവിൽ നിന്നും ലഭിക്കു വിമോചനം....

-അനൽ ടോമി

# എന്റെ വീട്

എനിക്കൊരു വീടുണ്ടേ
ചേട്ടനും ചേച്ചിയും എനിക്കുണ്ട
ചേട്ടനും ചേച്ചിയുമായി കളിച്ചീടാം..
എനിക്ക് ഒരു വീടുണ്ടേ...
അമ്മയും അച്ഛനും എനിക്കുണ്ടേ..
താലോലിക്കാൻ അമ്മയുണ്ട്..
കളിക്കാൻ അച്ഛനുണ്ട..



എനിക്ക് ഒരു വീടുണ്ടേ...
കഥകൾ പറയാൻ മുത്തശ്ശിയുണ്ടേ..
അക്ഷരമാല പഠിപ്പിക്കാൻ..
മുത്തച്ഛനുണ്ടേ...
എന്റെ വീട് എനിക്ക് സ്വന്തം
എന്റെ നല്ല വീട് എത്ര നല്ലവീട്

- ആൽബി പി.ബി.

# നമ്മുക്ക് വേണം പച്ചയായ ഭൂമി



നാം ഇപ്പോൾ ചുറ്റും കണ്ടുകൊണ്ടിരിക്കുന്നത് നശിക്കുന്ന ഭൂമിയേയാണ്. പലയിടത്തും കെട്ടിടങ്ങൾ പടുത്തുയർത്തുന്നു,വയലുകൾ മണ്ണിട്ടു നികത്തുന്നു, പുഴയിലും തെരുവുകളിലും മാലിന്യം വലിച്ചെറിയുന്നു. ഭൂമി മരുഭൂമിയായി മാറുന്നു.........ആ മരുഭൂമിയിൽ ഒരു തുള്ളി ജലം കിട്ടാതെ, ഭക്ഷണമില്ലാതെ മനുഷ്യൻ വെന്തു വെണ്ണീറാകുന്ന കാഴ്ച അധിവിദൂരമല്ല.അതിന് നാം സാക്ഷ്യം വഹിക്കണോ?...ഉത്തരം കണ്ടെത്തേണ്ടത് നമ്മളോരോരുത്തരുമാണ്......

ഈ ഭൂമിയിൽ നമ്മുക്ക് ഭയക്കാതെ ജീവിക്കണമെങ്കിൽ നമ്മൾ തന്നെ നഷ്ടപ്പെടുത്തിയ പച്ചപ്പ് നമ്മൾ തന്നെ തിരികെ കൊണ്ടുവരണം . മരങ്ങൾ വച്ചുപിടിപ്പിക്കണം, വയലുകൾ നികത്താതിരിക്കണം, മാലിന്യം വലിച്ചെറിയാതിരിക്കണം, പുഴ സംരക്ഷിക്കണം,പ്രകൃതി സംരക്ഷിക്കണം.... നമ്മുടെ ഭാവി നമ്മുടെ കൈകളിലാണ്.ആ കൈകൾക്ക് ഇനി ചോർച്ചയുണ്ടായി കൂടാ....നമ്മുക്ക് കൈ കോർക്കാം ..... നല്ലൊരു നാളേയ്ക്കായ്.......................

-ജോമിനാ ബിജു

# തെന്നാലിപ്പൂച്ചയും ചെന്നനെലിയും



അപ്പൂപ്പൻ കുന്നിലെ നങ്ങേലിയമ്മൂമ്മയുടെ ഭവനത്തിലെ വെളുത്ത പൂച്ചയാണ് തെന്നാലി.അറയും നിറയുമൊക്കെയുള്ള തടി നിർമ്മിതമായ വലിയ വീടാണ് നങ്ങേലിയമ്മൂമ്മയുടേത്.വീടിന്റെ തട്ടിൻ പുറത്ത് തകർത്താടിനടക്കുന്ന എലിക്കൂട്ടത്തെ ഇല്ലായ്മ ചെയ്യാനായി നങ്ങേലിയമ്മൂമ്മ കുടുംബവീടായ ഇക്കണ്ടപുത്തുന്ന് കൊണ്ടുവന്നതാണ് തടിമാടൻ തെന്നാലിപ്പൂച്ചയെ.

നങ്ങേലിയുടെ ഭവനത്തിലെത്തിയ തെന്നാലിപ്പൂച്ചയെ തന്റെ ദൗത്യ നിർവ്വഹണത്തിന്റെ പ്രാരംഭ നടപടികൾക്കായി തട്ടിൻ പുറത്തെത്തി.തട്ടിൻ പുറത്തെ സ്ഥിരതാമസക്കാരനായ ചെന്നനെലിയും കെട്ട്യോളും കുട്ടികളും പൂച്ചയെ കണ്ട് കാറിക്കൊണ്ടോടി.പക്ഷേ ഒറ്റച്ചാട്ടത്തിന് തെന്നാലി ചെന്നനെത്തന്നെ പിടികൂടി.

ചെന്നനെലിയുടെ നിലവിളി കേട്ട് കെട്ട്യോളും പിള്ളേരും കൂടി കൂട്ടക്കരച്ചിലായി."പൂച്ച ചേട്ട ഞങ്ങളെ കൊല്ലല്ലേ...." .ചെന്നനെലിയുടെ കെട്ട്യോള കുഞ്ഞേലി കണ്ണീരോഴുക്കി കൈകൂപ്പി.അതുകണ്ട് കുഞ്ഞെലികളും പേടിച്ച് വിറച്ച് കൈകൂപ്പി.

തെന്നാലിപ്പൂച്ചയുടെ ചങ്കിനകത്ത് അൽപം അലിവുമഴ പെയ്യ്തു.അവൻ ധർമ്മ സങ്കടത്തിലായി. ചെന്നനെലിയെ അവൻ വെറുതെ വിട്ടു.ആ സംഭവത്തിനു ശേഷം ചെന്നനെലിയും കുടുംബവും നങ്ങേലിയമ്മൂമ്മയെ ശല്യപ്പെടുത്തിയിട്ടില്ല.

-ആശമോൾ ടി. സെബാസ്റ്റ്യൻ

# പ്രകൃതി സംരക്ഷണം

പ്രകൃതി നമുക്ക് എന്തെല്ലാം തരുന്നു?തണൽ,ഭക്ഷണം,വെള്ളം,വസ്ത്രം അങ്ങനെ പലതും. പക്ഷേ ഇത്രയും തന്നിട്ടും നമ്മൾ മനുഷ്യൻ പ്രകൃതിയോട് എന്താണ് ചെയ്യുന്നത് ? നാം ദിനംതോറും പ്രകൃതിയെ ഇല്ലാതാക്കുന്നു.



പ്രകൃതിയേയും അതിൽ ജീവിക്കുന്ന പക്ഷിമൃഗാദികളെയും മാത്രമല്ല നാം നമ്മെതന്നെ ഇല്ലാതാക്കുന്നു. ഓരോ ദിവസം ചെല്ലുന്തോറും പ്രകൃതിയുടെ ഓരോ ഭാഗങ്ങളിലും ഫ്ളാറ്റുകളും വലിയ കെട്ടിടങ്ങളും ഉയരുന്നത് നമ്മൾ കണ്ടു നിന്നിട്ടും അതിനോട് പ്രതികരിക്കാതെ നിൽക്കുന്നു. നിങ്ങൾ പറയുന്നുണ്ടാവും നമ്മുക്ക് ജീവിക്കണെമെങ്കിൽ വീടു വേണമെന്നൊക്കെ. അതിനു മരം വെട്ടാതെ സാധിക്കില്ല. അത് ഞാനും അംഗീകരിക്കുന്നു. അത് സത്യമാണ്. എന്നാൽ ഓരോ വൃക്ഷം മുറിക്കുമ്പോഴും അതിന് പകരമായി ഒരു വൃക്ഷം നടുവാൻ എന്തുകൊണ്ട് മറക്കുന്നു?കാരണം ഈ യുഗത്തിൽ നമ്മളിൽ പലരിലും കാണുന്ന ഒരു മോശം പ്രവണതയാണ്, നമ്മുക്ക് കിട്ടുന്ന വിലയേറിയ സമയം ടി.വിയ്ക്കു മുമ്പിലും മൊബൈലിലും ചെലവഴിക്കുന്നത്.

ഈ യുഗത്തിൽ നമ്മുടെ പ്രകൃതിക്കുവേണ്ടി ചിന്തിക്കുവാൻ സമയമില്ല. പണ്ട് യുഗങ്ങൾക്ക് മുമ്പ് , മൊബൈലും മറ്റു സാധനങ്ങളും ഉണ്ടാകുന്നതിനുമുമ്പ്, നമ്മുടെ പൂർവ്വികർ അദ്ധ്വാനിച്ച് ചോര നീരാക്കി പണിതുയർത്തിയ

പ്രകൃതിമാതാവിന്റെ അനുഗ്രഹം നേടിയ നമ്മുടെ സ്വന്തം ഭാരതമിന്ന് നമ്മൾ കാരണം ഇല്ലാതാകുന്നു.

ഇപ്പോൾ ഈ നാട്ടിൽ കൃഷിക്കാർ വളരെ ചുരുക്കമേ ഉള്ളൂ. നമ്മുടെ കൺമുമ്പിൽ വച്ചുതന്നെ നമ്മുടെ ഭൂമി പതുക്കെ പതുക്കെ ഇല്ലാതാകുന്നു. ഇത് തുടരാതിരിക്കാൻ നമ്മൾ ഒത്തുചേരണം. നമ്മളാണ് ഭാവിയുടെ പ്രതീക്ഷ. അതുകൊണ്ട് നമ്മുടെ വിലയേറിയ സമയം വെറുതെ പാഴാക്കരുത്. എല്ലാവരും നമ്മുടെ പ്രകൃതിയെ കാത്തുരക്ഷിക്കുക. നമുക്ക് ജീവവായു നൽകുന്ന പ്രകൃതിയെ സ്നേഹിക്കുക, സംരക്ഷിക്കുക.

നന്ദി.

-ആൽബി മരിയ ബെന്നി

# പൂവൻ കോഴി



പുലരി പിറന്നാൽ കൊക്കരക്കൂവും
പൂവൻ കോഴി പൂങ്കോഴി...
തലയിൽ പൂവും നീളൻ വാലും
കരുത്തനാകിയ പൂങ്കോഴി...
പുലരിക്കെന്നും പുതുമയുണർത്തും
പുലരിക്കോഴി പൂങ്കോഴി....

-അനിറ്റ മോൾ ജോസ്

# പുണ്യ പ്രവൃത്തി

ആരൊ നട്ടൊരു  മാവിൻതൈയിതു
കാരുണ്യത്തൊടു കാലം താഴ്കെ
തീരും തളിരുമണിഞ്ഞു, ചില്ലയിൽ
മരതകമണികൾ വിരിഞ്ഞു, പിന്നെ
മധുനിറയും കനി മാടിവിളിച്ചു.



മാമ്പഴമധുരം നണയും കുഞ്ഞേ
ഓർക്കണമതൈതനട്ട കരങ്ങളെ
നട്ടുവളർത്തുക മാവിൻ തൈ നീ
മറ്റുഫലങ്ങൾ കായ്ക്കും തൈകളു
മൊപ്പം നിന്നുടെ കുഞ്ഞിക്കൈയാൽ

ഒരു തൈ നട്ടുവളർത്തും നിൻ കൈ
കുടചൂടിക്കുകയല്ലോ ഭൂമിയെ
പലഫലരുചികൾ കോരി വിളമ്പാൻ
ഉലകിൻ പൈദാഹങ്ങളകറ്റാൻ
കഴിയുകിലതുമൊരു പുണ്യം തന്നെ

-അക്ഷയ് ബിജു

# പച്ചപ്പിലേക്ക് പോവുക



പച്ചപ്പട്ടു ചുറ്റിയ ഭൂമി വളരെ സുന്ദരിയാണ്.അതിന്റെ ഹരിത നിറം ആരെയും ആകർഷിക്കുന്നതാണ്. ഭൂമിയിലെ ജീവന്റെ പ്രതിബിംബമാണ് ഹരിതനിറം.വനം പലതരം സസ്യലതാദികൾ നിറഞ്ഞ് കാണപ്പെടുന്നു.പലതരം ജീവജന്തുജാലങ്ങൾ അവയെ ആശ്രയിച്ചു കഴിയുന്നു.കോടാനുകോടി സസ്യജന്തുജാലങ്ങളുടെ കേന്ദ്രമായ പ്രകൃതി, അതിന്റെ ഒരു സൃഷ്ടി കാരണം ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ ഉത്തമസൃഷ്ടിയാണ്.പക്ഷേ അവനത് ദുരുപയോഗം ചെയ്യുന്നു.അവൻ വനങ്ങൾ വെട്ടി നശിപ്പിക്കുന്നു.നിലവിലുള്ള ആവാസവ്യവസ്ഥകൾ തകർക്കുന്നു.ആധുനിക മനുഷ്യന്റെ ലോകം റോക്കറ്റ് വേഗത്തിൽ കുതിച്ചുകൊണ്ടിരിക്കുകയാണ്.ഇതിനിടയിൽ മനുഷ്യൻ അറിഞ്ഞോ അറിയാതയോ പ്രകൃതിയിൽ നിന്ന് വളരെ അകന്നുമാറിയിരിക്കുന്നു.പരിസ്ഥിതി മാലിന്യക്കൂമ്പാരങ്ങൾ കൊണ്ട് നിറയുന്നു.ഭൂമിയുടെ സംരക്ഷണ കവചമായി കണക്കാക്കുന്ന ഓസോൺ പാളി നശിച്ചു തുടങ്ങി.നമ്മെ പരിപാലിക്കുന്ന പ്രകൃതിയെന്ന അത്ഭുതത്തെ

കിട്ടുന്നതിലിരട്ടി സ്നേഹം നൽകി പരിപാലിക്കേണ്ട ചുമതലയുള്ളവരാണ് നമ്മൾ.

ഈ ഭൂമിയിൽ സമസ്തജീവജാലങ്ങളും തുല്യ അവകാശമാണുള്ളത്.ഈ ഭൂമി ഭാവിയിലേക്കും എന്ന സങ്കല്പത്തോടെ നമ്മുക്ക് പ്രകൃതിയുമായി ഇണങ്ങി ജീവിക്കാം. വരൂ..... പച്ചപ്പിലേക്ക് തിരികെ പോകാം......

-അനിറ്റ മോൾ ജോസ്

# പുഴകൾ



മഞ്ഞിൽ വിരിയുന്ന പൂക്കളെപ്പോലെ
പൗർണമി രാവിനെ പോലെ
സ്നേഹിക്കുന്നു ഞാൻ പുഴയെ
ജലകേളി കാണുവാൻ വരുന്ന
ഞാനെന്നും നിന്റെ തീരങ്ങളിൽ
ഓളപ്പരപ്പിൽ ചാഞ്ചാട്ടം
പുൽക്കൊടികൾ എൻ മനസ്സിലേക്ക്
കുളിരോളങ്ങൾ തീർക്കുന്നു
മതിവരാത്തൊരാ കാഴ്ചകൾ
കൺനിറയെ കാണാൻ കൊതിക്കുന്നു
നിന്നിലെ തംബുരുമീട്ടിടും
സംഗീത മാധുരി കേൾക്കാനാവും
സ്നേഹിക്കുന്നു നിന്നെ ഞാൻ
മോഹിക്കുന്നു,പ്രാർത്ഥിക്കുന്നു
ഒരു നാൾ പുഴയായി തീരാൻ
അറിയാം എനിക്കതൊരിക്കലും
നടക്കാത്ത മോഹമാണതെന്ന്
എങ്കിലും മനുഷ്യന്റെ

ദുഃഖങ്ങൾ പുഴയായ്

മിഴികളിൽ നിന്നൊഴുകുന്നു

-നോബിൾ ജോയി

# സമാധാനത്തിന്റെ ചിറകിലേറി



മുപ്പതു വർഷത്തിലേറയായി കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന "കൈലാഷ് സത്യാർത്ഥി"ക്കാണ് 2014-ലെ സമാധാനത്തിനുള്ള നോബേൽ സമ്മാനം ലഭിച്ചത്.

1954-ൽ മധ്യപ്രദേശിലെ വിവിഷയിൽ ജനിച്ച അദ്ദേഹം എഞ്ചിനീയറായി ജോലി ചെയ്യവേ 26 വയസ്സായപ്പോൾ ജോലി ഉപേക്ഷിച്ച് കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തനമാരംഭിച്ചു.ഡൽഹി കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്ന അദ്ദേഹം കുട്ടികളുടെ അവകാശത്തിനെക്കുറിച്ച് പ്രചാരണം നടത്തുന്നതിനും മനുഷ്യകടത്തൽ അവസാനിപ്പിക്കുന്നതിനുമായി "ബച്പൻ ബചാവോ ആന്തോളൻ" എന്ന സംഘടന സ്ഥാപിച്ചു.ഇതുവരെ 8000-ത്തോളം കുട്ടികളെ ബാലവേലയിൽ നിന്നും മോചിപ്പിച്ചു. ഗാന്ധിയുടെ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിലും കുട്ടികളെ സാമ്പത്തികലാഭത്തിനായി ഉപയോഗിക്കുന്നതിനെതിരെ സമരങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിക്കുവാനും അദ്ദേഹത്തിനു സാധിച്ചു.അന്താരാഷ്ട്ര തലത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച വിലപ്പെട്ട സംഭാവനകൾ നല്കാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്.

-മേഘ സുരേഷ്

# പ്രകൃതി



പ്രകൃതിയിലുണ്ടൊരു മരം
തണൽ തരുന്നൊരു മരം
പ്രകൃതിയിലുണ്ടൊരു അരുവി
വെള്ളം തരുന്ന അരുവി
പ്രകൃതിയിലുണ്ടൊരു വെളിച്ചം
സൂര്യൻ തരുന്ന വെളിച്ചം
സുന്ദരിയാണീ പ്രകൃതി
എല്ലാം തന്നത് ദൈവം

-സന്ദീപ് എസ്

# വഞ്ചിപ്പാട്ട്



കൂട്ടുകാരേ വന്നീടുവിൻ
പാട്ടുപാടിക്കളിച്ചീടാം
കൂട്ടുചേർന്ന വഞ്ചിയേറി
പാട്ടുപാടി രസിച്ചീടാം

-അലീന ജോബി

# ക്വിസ്

- ദേശിയ പതാകയിലെ കുങ്കുമ നിറം എന്തിനെ സൂചിപ്പിക്കുന്നു?
- പരിത്യാഗം
- ഒന്നാം സ്വാതന്ത്ര്യസമരം ആരംഭിച്ചതെന്ന്?
- 1857 മെയ് 10
- മഹാത്മഗാന്ധിയെ രാഷ്ട്രപിതാവെന്ന് ആദ്യമായി സംബോധന ചെയ്തതാര്?
- സുഭാഷ് ചന്ദ്രബോസ്
- സാരേ ജഹാംസെ അച്ഛാ എന്ന ഗാനം രചിച്ചതാര്?
- മുഹമ്മദ് ഇക്ബാൽ
- ദേശിയഗാനമായ ജനഗണമന ആദ്യമായി പാടിയതെന്ന്?
- 1911 ഡിസംബർ 27
- ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ നായിക എന്നറിയപ്പെടുന്നതാര്?
- അരുണ ആസിഫ് അലി

-റോഷൻ കുര്യാക്കോസ്

# പ്രകൃതി ഭംഗി



പച്ച പരവതാനി വിരിച്ചപോൽ
നനവാർന്ന ഇമഞ്ഞുതുള്ളികൾ തൂക്കി
പർവ്വതത്തിന്റെ കണ്ണുകളെന്നപോൽ
മധുരമാർന്ന നറുതേൻ തൂകി
നിൽക്കും സുന്ദരപുഷ്പങ്ങളും
അഴിച്ചിട്ട ഇടതൂർന്ന കേശംപോൽ
കളകളാരവം മീട്ടി ഒഴുകും
നയനമനോഹരതയേറിയ അരുവികളും
ആകാശത്തെമുട്ടും വിധം
വർണച്ചിറകുകൾ വിടർത്തിപറക്കും
സുന്ദരങ്ങളായ പക്ഷികളും
ഇവിടെയുള്ള ഓമനത്തം തുളുമ്പുന്ന
ചെറുതും വലുതുമായ മൃഗങ്ങളും
എത്ര സുന്ദരമാണ് പ്രകൃതിതൻ കൃതി!

-ജോമിന ബിജു

# സമയത്തിന്റെ വില

ഉദയപുരിയിലെ രാജാവായിരുന്നു സൂര്യനാഥൻ.ഒരുനാൾ ഉദയപുരിയിലെ വീരസേനൻ മരണമടഞ്ഞു. ധീരയോദ്ധാവായിരുന്ന ആ പട നായകന്റെ വേർപാടിൽ രാജാവ് വളരെയധികം ദുഃഖിച്ചു.പുതിയ പടനായകനെ കണ്ടെത്താൻ രാജാവ് വിളംബരം പുറപ്പെടുവിച്ചു.

വിളംബരം കേട്ട് പല അഭ്യാസങ്ങളും വശമാക്കിയ ധീരരും ശക്തരുമായ പല ചെറുപ്പക്കാരും മത്സരത്തിൽ പങ്കെടുക്കാനെത്തി. വന്നവരെയെല്ലാം രാജാവ് ഒരു പാറക്കൂട്ടത്തിനടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. രാജാവ് അതിൽ ഒരു വലിയ പാറ ചൂണ്ടികാണിച്ചു.എന്നിട്ടു പറഞ്ഞു,
"വൈകുന്നേരമാകുമ്പോൾ ആ പാറ പത്തടി തെക്കുഭാഗത്തേയ്ക്കു മാറ്റി വെക്കണം.അതിന് കഴിയുന്നവർ അവരുടെ പേര് തരിക" .

മത്സരത്തിനു വന്ന ചെറുപ്പക്കാർ പേര് നൽകാൻ മുന്നോട്ട് വന്നു. പാറ മാറ്റിവെക്കാൻ ആവില്ലെന്നറിയാമായിരുന്നിട്ടും ശ്രമിക്കാമല്ലോ എന്നവർ കരുതി. രാജസേനൻ എന്ന ചെറുപ്പക്കാരൻ മാത്രം മടങ്ങിപ്പോകാനൊരുങ്ങി.
" ഈ മത്സരത്തിന് ഞാനില്ല.നാട്ടിലേക്ക് മടങ്ങിപ്പോവുകയാണ്."
"എന്തുകൊണ്ട്?ഒന്നു ശ്രമിച്ചുനോക്കിക്കൂടെ " രാജാവ് ചോദിച്ചു.
" പാറ പൊക്കിയെടുത്തു മാറ്റുക എന്നത് അസാധ്യമാണെന്നു നമ്മുക്കറിയാം.അത്രയും വലിപ്പമുണ്ടതിന്. സാധിക്കാത്തൊരു കാര്യത്തിനു വേണ്ടി ഒരു നിമിഷം പോലും നാം കളയരുത്.നമ്മുടെ ഓരോ നമിഷവും വളരെ വിലപ്പെട്ടതാണ് ".രാജസേനൻ പറഞ്ഞു.
രാജസേനന്റെ ഉചിതമായ മറുപടി കേട്ട് രാജാവ് സന്തുഷ്ടനായി.അയാളെ സർവ്വസൈന്യാധിപനായി രാജാവ് തിരഞ്ഞെടുത്തു.

-ശിവജ്യോതിസ് എ എസ്

# സന്ദേശം



പുഷ്പ തോമസ്
(കൈറ്റ് മിസ്ട്രസ്)

കലാലയങ്ങൾ സർഗ്ഗപ്രതിഭകളുടെ വിളനിലയമാണ്. കാലികപ്രസക്തിയുള്ളതലമുറയായി വളർന്നു വരുവാൻ നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥികൾക്ക കഴിയും എന്നതിന് തെളിവാണ് ഈ മാഗസിൻ.ആധുനിക കമ്പ്യൂട്ടർ പരിജ്ഞാ-നങ്ങൾക്കൊപ്പം ചിന്താശക്തിയും കലാവാസനയും കൂടി ചേരുമ്പോൾ പുതിയ ചരിത്രങ്ങൾ സൃഷ്ടിക്കാൻ ഈ മിടുക്കൻന്മാർക്കും മിടുക്കികൾക്കും കഴിയും. നാളത്തെ സമൂഹത്തെ ഇനി ഇവർ നയിക്കട്ടെ.....വാനോളം വളരട്ടെ നമ്മുടെ വിദ്യാർത്ഥികൾ...... നാളെയുടെ നന്മക്കായി................

# ലിറ്റിൽ കൈറ്റ്സിലെ

# ചങ്ങാതിമാർ......



# നന്ദി

പുതിയ അറിവുകളുടെയും സാങ്കേതിക വിദ്യകളുടെയും കൈകൾ പിടിച്ച് ഞങ്ങൾ നടത്തിയ യാത്രയാണ് ഹ്ലാദിക.ഈ യാത്രയുടെ ഓരോ കാൽവെപ്പിലും കൂടെ നിന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അറിവും വാത്സല്യവും പകർന്നു തന്ന ബഹുമാനപ്പെട്ട ഹെഡ് മാസ്റ്റർ ജോസ് ആൻഡ്രൂസ് സാറിനും കൈറ്റ് മിസ്ട്രസ് പുഷ്പ ടിച്ചറിനും കൈറ്റ് മാസ്റ്റർ തോമസ് സാറിനും മറ്റെല്ലാ അധ്യാപകർക്കും ഒരായിരം നന്ദി.

"യാത്ര ഇവിടെ അവസാനിക്കുന്നില്ല. യാത്ര തുടരുകയാണ് ഞങ്ങൾ, പുതിയ അറിവുകൾക്കായി...പുതിയ ചരിത്രങ്ങൾ സൃഷ്ടിക്കാനായി....."

-അലൻ ബേബി

# എഡിറ്റോറിയൽ ബോർഡ്

ശ്രീ ജോസ് ആൻഡ്രൂസ്
(പ്രഥമാധ്യാപകൻ)

ശ്രീ എൻ ജെ തോമസ്
(ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ)

ശ്രീമതി പുഷ്പ തോമസ്
(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

മാസ്റ്റർ അലൻ ബേബി

കുമാരി അലീന ജോബി

മാസ്റ്റർ ശിവജ്യോതിസ് എ എസ്

മാസ്റ്റർ അർജ്ജുൻ എ എസ്

